പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1082

30.11.2018 -ലെ മറുപടിയ്ക്ക്

## തൊഴിൽ വകുപ്പിന് കീഴിൽ ഇനിയും പി.എസ്.സി ക്ക് വിടാത്ത നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ടി.പി.രാമകൃഷ്ണൻ (ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന്റെ കീഴിൽ എത്ര സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഇനിയും പി.എസ്.സി ക്ക് വിടുവാൻ ഉണ്ട്; വ്യക്തമാക്കാമോ; | (എ) തൊഴിൽ വകുപ്പിലെ ഓഫീസുകളിൽ പി.എസ്.സി. മുഖേനയാണ് നിയമനം നടന്നു വരുന്നത്. വകുപ്പിന് കീഴിലെ 16 ക്ഷേമനിധി ബോർഡുകളിൽ 12 ബോർഡുകളിലെ നിയമനങ്ങൾ ഇനിയും പി.എസ്.സി.ക്ക് വിടാനുണ്ട്. അവയുടെ പേര് ചുവടെ ചേർക്കുന്നു.<br>1) കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്<br>2) കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്<br>3) കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>4) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>5) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്<br>6) കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്<br>7) കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>8) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്<br>9) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്<br>10) കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് |

| | |
|---|---|
| | 11)കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് |
| | 12)കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്. |
| (ബി) പി.എസ്.സി ക്ക് വിടാത്ത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി ക്ക് വിട്ടുവാൻ വേണ്ടിയുള്ള വിശേഷാൽ ചട്ടം തയ്യാറാക്കിയിട്ടുണ്ടോ;<br>സി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കി നിയമനങ്ങൾ പി.എസ്.സി ക്ക് വിട്ടുവാൻ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം അറിയിക്കുമോ; | (ബി) യും (സി) യും വിശേഷാൽ ചട്ടം രൂപികരിച്ച് നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാത്ത ക്ഷേമനിധി ബോർഡുകളിൽ 2 ക്ഷേമനിധി ബോർഡുകളുടെ (കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ) വിശേഷാൽ ചട്ടം സർക്കാരിന്റെ പരിഗണനയിലാണ്. മറ്റ് നാല് ക്ഷേമനിധി ബോർഡുകളിൽ (കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്) വിശേഷാൽ ചട്ടം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരുന്നു. |
| ഡി) നിലവിൽ ആകെ ഇത്തരത്തിലുള്ള ഒഴിവുകളുടെ എണ്ണം ലഭ്യമാക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികത്തിയ ഇത്തരത്തിലുള്ള ഒഴിവുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ ? | (ഡി)ക്ഷേമനിധി ബോർഡുകളിൽ നേരിട്ട് നിയമനം നടത്താവുന്ന സർക്കാർ അനുവദനീയ തസ്തികകളിൽ സ്പെഷ്യൽ റൂൾ നടപ്പിൽ വരുന്ന മുറയ്ക്ക് മാത്രമേ തസ്തികകളുടെ എണ്ണം കണക്കാക്കാൻ കഴിയുകയുള്ളൂ. വിശേഷാൽ ചട്ടം രൂപീകരിക്കാത്ത ക്ഷേമനിധി ബോർഡുകളിൽ നിലവിൽ അന്യത്ര സേവന വ്യവസ്ഥയിലോ ദിവസവേതന വ്യവസ്ഥയിലോ ആണ് നിയമനങ്ങൾ നടത്തിവരുന്നത്. |

Sreelekha

**സെക്ഷൻ ഓഫീസർ**